DESPATCHED
On. 02-08-21.
28/7/21

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം–695 001**
**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 495(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.4886/SIC-Gen4/2021**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ജൂലൈ 28

ശ്രീ. ജേക്കബ് മാത്യു,
വടക്കേൽ വീട്,
വടക്കോട് പി.ഒ.,
കങ്ങരപ്പടി,
ഈസ്റ്റ് എൻഡ് കൊച്ചി – 682 021.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി., തേവയ്ക്കൽ.
2. അപ്പീൽ അധികാരി & അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കളമശ്ശേരി, കെ.എസ്.ഇ.ബി., എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 11.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 8.1.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 12.1.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 10.2.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 9.4.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 13.4.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.4.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 21.6.2021, 13.7.2021 |
| ഹിയറിംഗ് (വീഡിയോ) തീയതി | 23.7.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br><br>എസ്.പി.ഐ.ഒ | ഹാജരായി<br><br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജേക്കബ് മാത്യു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, തന്റെ 11.12.2020 ലെ

വിവരാവകാശ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ നൽകി എന്നും ആയത് ടിയാനെ നേരിൽ കേൾക്കാതെയും സമയബന്ധിതമായി തീർപ്പാക്കാതെയും അപൂർണ്ണമായ മറുപടിയാണ് നൽകിയതെന്നും ആയതിനാൽ കമ്മീഷൻ ഇടപ്പെട്ട് തന്റെ പരാതിയ്ക്ക് തീർപ്പ് ഉണ്ടാക്കിതരണമെന്നും കൃത്യവിലോപം കാണിച്ച ഓഫീസർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. 11.12.2020–ലെ വിവരാവകാശ അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ചുവടെ പറയുന്ന വിവരങ്ങളാണ്.

i) ഇടപ്പള്ളി ടോളിൽ T/NH/3 എന്ന ഇലക്ട്രിക്കൽ പോസ്റ്റിൽ നിന്നും പുതിയതായി A pole പോസ്റ്റ് വല്ലതും സ്ഥാപിച്ചിട്ടുണ്ടോ എന്നും സ്ഥാപിച്ച തീയതി എന്നാണെന്നും ഇലക്ട്രിക്കൽ ലയിൻ (H) ചാർജ് ചെയ്ത തീയതി എന്നാണെന്നും

ii) ഒന്നാമത്തെ ചോദ്യത്തിൽ ചോദിച്ചിരിക്കുന്ന പുതിയ ഇലക്ട്രിക്കൽ പോസ്റ്റ് സ്ഥാപിച്ചതിന് മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥൻ ആരാണെന്നും പദവി എന്താണെന്നും, ഈ ഓഫീസിൽ ഈ പറയപ്പെടുന്ന ഉദ്യോഗസ്ഥൻ ചാർജ് എടുത്ത വർഷം, തീയതി, പേര് എന്നിവ നൽകണമെന്നും

iii) ഇടപ്പള്ളി ടോളിൽ ഇങ്ങനെ ഒരു പുതിയ പോസ്റ്റ് ഇടാനുണ്ടായ കാരണം വിവരിക്കാമോ എന്നിങ്ങനെ 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. പ്രസ്തുത അപേക്ഷയ്ക്ക് 8.01.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായും തുടർന്ന് മറുപടിയിലെ 1(ബി & സി), 2(ബി), 3 (എ), 4(എ), 5(എ & ബി), 6(സി & ഡി), 7 (എ & സി), 8(ഡി & സി), 9(സി) (ഡി), (ഇ) (എഫ്) (ജി) (എച്ച്), (ഐ) & (ജെ) എന്നീ ചോദ്യങ്ങക്ക് നൽകിയ മറുപടി തൃപ്തികരമല്ലെന്നും ഒന്നാം അപ്പീൽ അധികാരിയുടെ വിലാസം അപൂർണ്ണമാണെന്നും ചൂണ്ടിക്കാട്ടി സമർപ്പിച്ച ഒന്നാം അപ്പീലിന് 10.2.2021 ന് രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായും കാണുന്നു.

4. എതിർകക്ഷികൾ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടുകളിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരന്റെ 11.12.2020–ലെ അപേക്ഷയിൽ അക്കമിട്ട് നൽകിയ ചോദ്യങ്ങൾക്ക് 8.1.2021–നും തുടർന്ന് അപ്പീൽ അധികാരിക്ക് നൽകിയ 12.1.2021–ലെ അപ്പീലിന് 10.2.2021–നും മറുപടി നൽകിയിട്ടുള്ളതാണെന്നും കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ഒന്നാം അപ്പീൽ അധികാരിയുടെ മേൽവിലാസം പൂർണ്ണമല്ല എന്ന പരാതിയാണ് ഉന്നയിച്ചിരുന്നതെന്നും എന്നാൽ അപ്പീൽ അധികാരിയുടെ മേൽവിലാസത്തിൽ പിൻകോഡ് മാത്രമാണ് വിട്ടു പോയിട്ടുള്ളതെന്നും ഇതുപോലുള്ള കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തണമെന്ന് കത്ത് മുഖേന ഒന്നാം അപ്പീൽ അധികാരി എസ്.പി.ഐ.ഒയ്ക്ക് താക്കീത് നൽകിയിട്ടുണ്ടെന്നും ഹർജിക്കാരന്റെ അപേക്ഷ തീർപ്പാക്കുന്നതിന് ഹിയറിംഗ് നടത്തേണ്ടതായി വന്നിട്ടില്ലെന്നമാണ്.

5 അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ 11.12.2020 ന് നൽകിയ അപേക്ഷയ്ക്ക് 8.1.2021 ലും 12.1.2021 ന് നൽകിയ ഒന്നാം അപ്പീലിന് 10.2.2021 ലും മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഈ

മറുപടികൾ അപൂർണ്ണമാണെന്ന് ഹർജിക്കാരൻ പറഞ്ഞുവെങ്കിലും എപ്രകാരമുള്ള അപൂർണ്ണതയാണ് ഉള്ളതെന്ന് കമ്മീഷൻ മുമ്പാകെ അറിയിച്ചിട്ടില്ല. വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി പ്രത്യേകം ജീവനക്കാരെ നിയമിച്ചിട്ടില്ല എന്നതിനാൽ മറ്റ് ഔദ്യോഗിക കൃത്യങ്ങളോടൊപ്പമാണ് എസ്.പി.ഐ.ഒ/അപ്പലേറ്റ് അതോറിറ്റി എന്ന നിലയിലുള്ള അവരുടെ ചുമതലകളും നിർവ്വഹിച്ചു വരുന്നത്. ആയതിനാൽ തന്നെ മറ്റു ദൈനംദിന പ്രവർത്തനങ്ങളിൽ തടസമുണ്ടാകാതെ വേണം വിവരാവകാശ അപേക്ഷയും കൈകാര്യം ചെയ്യേണ്ടത് എന്നതിനാലും സാങ്കൽപ്പിക ചോദ്യങ്ങൾ, രേഖകളുടെ വിശദീകരണം, വ്യാഖ്യാനം, സ്പഷ്ടീകരണം, അഭിപ്രായം തേടൽ, വിവരം ക്രോഡീകരിച്ച് നൽകൽ തുടങ്ങിയ വിവരങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നതിനാലുംയാതൊരു പൊതു താത്പര്യവും ഇല്ലാത്തവിധത്തിലുള്ള ചോദ്യങ്ങൾ വിവരാവകാശ അപേക്ഷയിൽ നിന്നും ഒഴിവാക്കുവാൻ ഹർജിക്കാരൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

6. ഹർജിക്കാരന് നൽകിയ മറുപടിയിൽ അപൂർണ്ണത സംഭവിച്ചു എന്ന ആക്ഷേപം പരിഹരിക്കുന്നതിനായി അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ടിയാന് മറുപടി നൽകുവാൻ ആധാരമാക്കിയ ഫയലുകൾ നേരിട്ട് പരിശോധിച്ച് ആവശ്യമായ രേഖകളുടെ പകർപ്പുകൾ സൗജന്യമായി എടുക്കുന്നതിനുള്ള അനുവാദം എതിർകക്ഷികൾ ഹർജിക്കാരന് നൽകേണ്ടതാണ്.

7. അപ്പീൽ ഹർജിക്കാരൻ 16.7.2021 ന് കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ പരാതി പരിശോധിച്ചതിൽ പുതിയതായി സ്ഥാപിച്ച പോസ്റ്റ് ഇട്ടിരിക്കുന്നതുമായി ബന്ധപ്പെട്ട ആക്ഷേപം വിവരാവകാശ നിയമപ്രകാരം പരിശോധിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട മേലധികാരികൾ മുഖേന പരാതി സമർപ്പിച്ച് അപ്പീൽ ഹർജിക്കാരൻ പരിഹാരം തേടേണ്ടതാണ്.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ജൂലൈ 28–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk